**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2103** **11-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിലെ ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മെഡിക്കൽ കോളേജ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തു മതിയായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭൂമി ഇല്ലാത്തതിനാൽ മെഡിക്കൽ കോളേജ് സൗകര്യ പ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് 23.4 ഏക്കർ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിൽ ആശുപത്രി കെട്ടിടങ്ങൾ, അക്കാദമിക് ബ്ലോക്കുകൾ, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക – അനദ്ധ്യാപക ഹോസ്റ്റലുകൾ, ആഡിറ്റോറിയം എന്നീ കെട്ടിടങ്ങളും, പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തികൾ ആരംഭിക്കാനിരിക്കുന്ന ഒ.പി ബ്ലോക്ക്, സ്റ്റോർ കോംപ്ലക്സ്, റസിഡന്റ് ക്വാർട്ടേഴ്സ്, റേഡിയോളജി ബ്ലോക്ക് എന്നീ കെട്ടിടങ്ങളും ഉൾപ്പെടുന്നു. മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നത് പരിഗണനയിലില്ല. |
| (ബി) | മഞ്ചേരിയിൽ പുതിയ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിന്ന് നടപടി സ്വീകരിക്കുമോ; | (ബി) | മഞ്ചേരിയിൽ സ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | 2017 ൽ പതിനാല് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരിയിലെ സർക്കാർ നഴ്സിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണം ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സ.ഉ (ആർ.റ്റി) നം 643/2017 തീയതി 13/03/2017 പ്രകാരം മഞ്ചേരി സർക്കാർ നഴ്സിംഗ് സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-ലെ പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും (2205 sqm) ഹോസ്റ്റൽ ബ്ലോക്കും (2858 sqm) ചേർത്ത് 5063 sqm മാത്രമാണ് വിസ്തീർണ്ണം ഉണ്ടായിരുന്നത്. എന്നാൽ നഴ്സിംഗ് കൗൺസിലിന്റെ മിനിമം requirements, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച് 2020-ൽ സമർപ്പിച്ച പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് (4194 sqm), ഹോസ്റ്റൽ ബ്ലോക്ക് (3070 sqm) എന്നിവ ചേർന്ന് ആകെ 7264 sqm വിസ്തീർണ്ണമുണ്ട്. ടി പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ കഴിയൂ. |

| | | | |
|---|---|---|---|
| | | | എന്നാൽ ഭരണാനുമതി പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനും, ഹോസ്റ്റൽ ബ്ലോക്കിനും ചേർത്താണ് 14 കോടി അനുവദിച്ചിരുന്നത്. ആയതിനാൽ ഈ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ഡി) | ടെണ്ടർ ചെയ്ത പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | സ.ഉ (ആർ.റ്റി) നം 643/2017 തീയതി 13/03/2017 പ്രകാരം മഞ്ചേരി സർക്കാർ നഴ്സിംഗ് സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-ലെ പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും (2205 sqm) ഹോസ്റ്റൽ ബ്ലോക്കും (2858 sqm) ചേർത്ത് 5063 sqm മാത്രമാണ് വിസ്തീർണ്ണം ഉണ്ടായിരുന്നത്. എന്നാൽ നഴ്സിംഗ് കൗൺസിലിന്റെ മിനിമം requirements, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച് 2020-ൽ സമർപ്പിച്ച പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് (4194 sqm), ഹോസ്റ്റൽ ബ്ലോക്ക് (3070 sqm) എന്നിവ ചേർന്ന് ആകെ 7264 sqm വിസ്തീർണ്ണമുണ്ട്. ടി പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ കഴിയൂ. എന്നാൽ ഭരണാനുമതി പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനും, ഹോസ്റ്റൽ ബ്ലോക്കിനും ചേർത്താണ് 14 കോടി അനുവദിച്ചിരുന്നത്. ആയതിനാൽ ഈ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ